# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 607 **30.06.2016 - ൽ** മറുപടിക്ക്

**മണലൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ളപദ്ധതികൾ**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ<br><br>1. മണലൂർ, കാരമുക്ക് കുടിവെള്ള പദ്ധതി<br>2. വെങ്കിടങ്ങ് പഞ്ചായത്ത് കുടിവെള്ള പദ്ധതി<br>3. പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി. ഇതിൽ മണലൂർ-കാരമുക്ക്, വെങ്കിടങ്ങ് പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ള താണ്.<br><br>ജലനിധി രണ്ടാംഘട്ടത്തിന്റെ ഒന്നാം ബാച്ചിൽ ഇലവള്ളി ഗ്രാമപഞ്ചായത്തിൽ 300 കുടുംബങ്ങൾക്ക് കുടിവെള്ളം നല്കുന്നതിനായി ഒരു (ബൃഹദ്) പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| (ബി) വെന്തിടങ്ങ്, കരിക്കൊടി ഭാഗങ്ങളിലെ ജലലഭ്യതക്കായി നടപ്പാക്കിവരുന്ന സാർക്ക് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ ; | (ബി) വെങ്കിടങ്ങ്-കരിക്കൊടി ഭാഗങ്ങളിലെ ജലലഭ്യതയ്ക്കായി നടപ്പാക്കി വരുന്ന സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്പുക്കാവിൽ നിന്നും ഒളരി ഭൂഗർഭജല സംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പണിയും ഒളരി ടാങ്കിൽ നിന്നും മണലൂർ, വെങ്കിടങ്ങ് ഉപരിതല ടാങ്കിലേക്ക് പമ്പിംഗ് മെയിൻ ഇടുന്ന ജോലിയും കൂടാതെ മണലൂരിൽ ഒരു ഉപരിതല ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ളതും 21/04/2015-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുള്ളതുമാകുന്നു. പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനായി ഒളരിയിൽ |

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. കണക്ഷൻ ലഭിച്ചാലുടൻ പൂർണ്ണതോതിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കുന്നതാണ്.

(സി) ഒളരി പ്രദേശത്തെ ടാങ്കിന്റെ പ്രവർത്തനം തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ കമ്മീഷനിങ്ങ് സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

(സി) & (ഡി) ഒളരി പ്രദേശത്തെ ടാങ്കിൽ നിന്നും മണലൂർ മണ്ഡലത്തിലെ പ്രദേശങ്ങളിലേക്ക് കുടിവെള്ള വിതരണം തുടങ്ങുകയും ഭാഗീകമായി വിതരണം ചെയ്യുന്നുമുണ്ട്. കെ.എസ്.ഇ.ബി. കണക്ഷൻ ലഭിച്ചാൽ മാത്രമേ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ